<u>പതിനാലാം കേരളനിയമസഭ</u>

<u>നാലാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1909</u>  <u>07.03.2017-ൽ മറുപടിക്ക്</u>

## <u>ഇതര സംസ്ഥാന തൊഴിലാളികൾ</u>

<u>ചോദ്യം</u>

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

<u>മറുപടി</u>

ശ്രീ. പിണറായി വിജയൻ
മുഖ്യമന്ത്രി

(എ) യാതൊരുവിധ രേഖകളുമില്ലാതെയാണ് ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിലേക്ക് എത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) തിരിച്ചറിയൽ രേഖകൾ ഇല്ലാത്തവരും കേരളത്തിൽ എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ക്രിമിനൽ കേസുകളിൽ പ്രതികളായിട്ടുള്ളവർ കേരളത്തിലേക്ക് എത്തുന്നത് തടയാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കുമോ ?

(ബി) ഭരണഘടനാപരമായി ഇന്ത്യാക്കാരായ എല്ലാവർക്കും ഇന്ത്യയിലെവിടെയും സഞ്ചരിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉള്ളതിനാൽ ക്രിമിനൽ കേസിൽ പ്രതികളായിട്ടുള്ളവരെ കണ്ടെത്തുന്നതിന്/ തടയുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും ഇതര സംസ്ഥാന തൊഴിലാളികളെ ജോലിയ്ക്കായി കൊണ്ടുവരുന്ന ഏജന്റുമാരോ/ കോൺട്രാക്ടർമാരോ അവരുടെ പേരും മേൽവിലാസവും ഫോട്ടോയും സഹിതമുള്ള വിശദവിവരങ്ങൾ, അതത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കേണ്ടതാണെന്നും പ്രസ്തുത വിവരങ്ങൾ പോലീസ് സ്റ്റേഷനിലെ മൈഗ്രന്റ് ലേബേഴ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും എസ്.എച്ച്.ഒ-മാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളും അവരുമായി ബന്ധപ്പെട്ട വ്യക്തികളെയും സസൂക്ഷ്മം നിരീക്ഷിച്ചും വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ